## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 716    11.07.2016 – ൽ മറുപടിക്ക്

### മഞ്ഞപ്ര സിവിൽ സ്റ്റേഷന് മുകളിൽ അപകടാവസ്ഥയിലുള്ള മരം മുറിച്ച് മാറ്റുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി. എം. ജോൺ : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര സിവിൽ സ്റ്റേഷന് മുകളിൽ അപകടാവസ്ഥയിൽ മരം ചരിഞ്ഞ് നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) ഉണ്ട്. അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര സിവിൽ സ്റ്റേഷൻ കെട്ടിടം പൊതുമരാമത്ത് വകുപ്പ് പണി പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. റവന്യൂ വകുപ്പ് വക സ്ഥലത്ത് നിൽക്കുന്ന മരം ചരിഞ്ഞു നിൽക്കുന്നത് സംബന്ധിച്ച് വിവരം ബന്ധപ്പെട്ട വില്ലേജ് ഓഫീസറെ വാക്കാൽ പല തവണ അറിയിച്ചിട്ടുണ്ട്. |
| (ബി) ജനങ്ങളുടെ ജീവഹാനിയും കെട്ടിടത്തിന് ബലക്ഷയവും ഉണ്ടാക്കുന്ന തരത്തിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; | (ബി) അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. റവന്യൂ വക ഭൂമിയിൽ നിൽക്കുന്ന മരം മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് ആ വകുപ്പ് ആണ്. |

| | | | |
|---|---|---|---|
| (സി) | കാലവർഷം കടുത്തതോടെ ടി സിവിൽ സ്റ്റേഷന് ഭീഷണിയും പൊതുജനങ്ങൾക്ക് അപകടവും ഉണ്ടാക്കുന്ന മരം അടിയന്തരമായി മുറിച്ച് മാറ്റുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | മിനി സിവിൽ സ്റ്റേഷനിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റേണ്ടത് റവന്യൂ വകുപ്പാണ്. ആയത് ആ വകുപ്പിനെ വാക്കാൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ